'ഭരണഭാഷ-മാതൃഭാഷ'

നം.ഇഇ2-16280/2016

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്
ഭരണ വിഭാഗം, തിരുവനന്തപുരം,
തീയതി. 27/9/2016

## പരിപത്രം

വിഷയം:- പൊതുമരാമത്ത് വകുപ്പ്- ജീവനക്കാര്യം-പൊതുമരാമത്ത് വകുപ്പ് നിയമിച്ച് പൊതുമരാമത്ത് വകുപ്പ് തന്നെ ശമ്പളം നൽകി മറ്റ് വകുപ്പകളിൽ ജോലി ചെയ്തു വരുന്ന എച്ച്.ആർ/ സി. എൽ. ആർ/ എസ്. എൽ. ആർ/ വർക്കർ വിഭാഗത്തിൽ പെടുന്ന പമ്പ് ഓപ്പറേറ്റർമാർ ഉൾപ്പെടെ എല്ലാ എച്ച്.ആർ/ സി. എൽ. ആർ/ എസ്. എൽ. ആർ/ വർക്കർ വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ – സംബന്ധിച്ച്

സൂചന:- 1. 3-9-2016 ലെ സർക്കാർ കത്ത് നം. 5224/ബി1/2010 പൊ.മ.വ.
2. ഈ ആഫീസിലെ ഇഎ4/14864/16 തീയതി 23-9-2016.

**************

പൊതുമരാമത്ത് വകുപ്പിലെ എച്ച്.ആർ/ സി. എൽ. ആർ/ എസ്. എൽ. ആർ/ വർക്കർ / ഡെയ്‌ലി വേജസ് വിഭാഗം ജീവനക്കാരുടേയും ഈ വകുപ്പിൽ നിയമിച്ച് ഈ വകുപ്പിൽ നിന്ന് ശമ്പളം നൽകി മറ്റു വകുപ്പുകളിൽ ജോലി ചെയ്തു വരുന്ന എച്ച്.ആർ/ സി. എൽ. ആർ/ എസ്. എൽ. ആർ/ വർക്കർ വിഭാഗത്തിൽപെടുന്ന പമ്പ് ഓപ്പറേറ്റർമാരുടേയും സർവ്വീസ് സംബന്ധമായ വിവരങ്ങൾ സർക്കാർ സൂചന I പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. മേൽപറഞ്ഞ ജീവനക്കാരുടെ ഉദ്യോഗ സംബന്ധമായ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർമാർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അവരുടെ അധികാര പരിധിയിലുള്ള ഡിവിഷൻ, സബ് ഡിവിഷൻ സെക്ഷൻ ഓഫീസുകളിൽ നിന്നും നിശ്ചിത മാതൃകയിൽ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സൂചന രണ്ടു പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 4-10-2016 ന് പങ്കെടുക്കുന്ന യോഗത്തിൽ പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം സർക്കാർ കത്തിന്റെ പകർപ്പുകൂടി അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം 1. പ്രൊഫോർമ
2. 5224/ബി1/2010/പൊ.മ.വ കത്ത്
( ഓരോ കാറ്റഗറിയും പ്രത്യേകം പ്രൊഫോർമയിൽ രേഖപ്പെടുത്തണം)

ചീഫ് എഞ്ചിനീയർ
K. SUNDARAN
CHIEF ENGINEER, P.W.D.
DESIGN AND ADMINISTRATION
THIRUVANANTHAPURAM-695 033

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ,
ആർ.ജി, കെ.എസ്.റ്റി.പി, കെ.എച്ച്. ആർ.ഐ.

എഫ്.സി-5

**PROFORMA**

| Sl. No. | Name | Nature of work | Whether HR/CLR/SLR/Daily Wages/Worker | Government Order No. | Name of Office (Present) | Department (Present) |
|---|---|---|---|---|---|---|

## കേരള സർക്കാർ

5224/ബി1/2010/പൊമവ

പൊതുമരാമത്ത് (ബി) വകുപ്പ്
തീയതി, തിരുവനന്തപുരം, 3.9.2016

പ്രേക്ഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ(ഭരണം)
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - മറ്റ് വകുപ്പുകളിൽ ജോലി ചെയ്യുന്നതും പൊതുമരാമത്ത് വകുപ്പിൽ നിന്നും ശമ്പളം കൊടുക്കുന്നതുമായ ജീവനക്കാരുടെ വിവരം - സംബന്ധിച്ച്

സൂചന:- 18.03.2016-ലെ താങ്കളുടെ ഇഇ 2/4693/12 നം കത്ത്.

സൂചനക്കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. [illegible] പൊതുമരാമത്ത് വകുപ്പിൽ നിന്ന് തന്നെ ശമ്പളം നൽകി മറ്റു വകുപ്പുകളിൽ ജോലി ചെയ്തു വരുന്ന HR/CLR/SLR/Worker വിഭാഗത്തിൽപ്പെടുന്ന പമ്പ് ഓപ്പറേറ്റർമാരുൾപ്പെടെ എല്ലാത്തരം ജീവനക്കാരുടെയും താഴെപ്പറയുന്ന വിവരം ശേഖരിച്ച് സമാഹൃത മറുപടി ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു.

1) ഇത്തരത്തിലുള്ള എത്ര HR/CLR ജീവനക്കാരുണ്ട്.

2) ഇത്തരത്തിലുള്ള എത്ര SLR/Worker ജീവനക്കാരുണ്ട്. SLR/Worker -മാരുടെ കാര്യത്തിൽ താഴെപ്പറയുന്ന അധിക വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

| Sl No | Name | Nature of Work | Whether SLR/ Worker | Government Order No | Name of Office (Present) | Department (Present) |
|---|---|---|---|---|---|---|
| | | | | | | |

ഇത്തരം CLR/HR/SLR/Worker-മാരുടെ വേതനം പൊതുമരാമത്ത് വകുപ്പിൽ നിന്ന് നൽകുന്ന പ്രവണത നിർത്തലാക്കുന്നതിനും SLR/Worker മാരുണ്ടെങ്കിൽ പ്രസ്തുത SLR/Worker തസ്തികകൾ ഏറ്റെടുത്ത് ടി ജീവനക്കാർക്ക് ടി വകുപ്പുകളിൽ നിന്ന് വേതനം നൽകാൻ കഴിയുമോ എന്നതുൾപ്പെടെ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന പകരം സംവിധാനങ്ങൾ സംബന്ധിച്ചുള്ള താങ്കളുടെ നിർദ്ദേശങ്ങളും ശുപാർശകളും ലഭ്യമാക്കാനും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**സബിത.എസ്.ഡി.**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ